"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല – മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2001-02 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 12 - തടസ്സപ്പെടുത്തിയ തുക- സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.199/2023/LSGD തീയതി,തിരുവനന്തപുരം, 24-01-2023

പരാമർശം:-
1. പഞ്ചായത്ത് ഡയറക്ടറുടെ 15.03.2022 ലെ പി എ എൻ/1650/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 02.11.2022 ലെ ഡി.കെ.എസ്.എ /1214/പി.റ്റി3(പിറ്റി2)/2022 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2001-2002 വർഷത്തെ ഓഡിറ്റ് റിപ്പോർ ട്ട് ഖണ്ഡിക 12 പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വനിതാ കമ്പ്യൂട്ടർ പരിശീലന പരിപാടി എന്ന പ്രവൃത്തിയ്ക്ക് ചെലവായ 16,500/- രൂപ പരാമർ ശയിനം മാർഗ്ഗരേഖയിലുൾപ്പെടാത്തതിനാൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിലെ 2000-01 ലെ 32/2002 നമ്പർ പ്രോജക്ടായ വനിതാ കംപ്യൂട്ടർ പരിശീലനത്തിന് ഗ്രാമസഭ തെരഞ്ഞെടുത്ത 46 വനിതകൾക്ക് പരിശീലനത്തിന്റെ രണ്ടാം ഘട്ടം പൂർത്തിയാക്കിയതിനാൽ കോഴ്സ് നടത്തിപ്പുകാരായ സൈബർ സോഫ്റ്റ് കംപ്യൂട്ടേഴ്സ്, ഇരിട്ടി എന്ന സ്ഥാപനത്തിന് രണ്ടാം ഗഡുവായ 16,500/- രൂപ വിതരണം ചെയ്തിരുന്നുവെന്നും സർക്കാർ ഉത്തരവ് പ്രകാരം ഇത്തരം പരിശീലന പരിപാടികൾ ജില്ലാ പഞ്ചായത്ത് സംഘടിപ്പിക്കേണ്ടതായതിനാൽ മേൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഈ പരാമർശം ഉൾപ്പെട്ടിരുന്നുവെന്നും 16.09.2021 ന് നടന്ന നിയമസഭാ സമിതിയുടെ ഹിയറിംഗിൽ ടി പരാമർശം പരിഗണിക്കുകയും സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് ശുപാർശ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ഈ പ്രോജക്ട് സഹായകരമായി എന്നതിനാലും പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുണ്ടായ ചെലവല്ലാതെ മറ്റ് അധിക ചെലവുകളൊന്നും ഉണ്ടായിട്ടില്ല എന്ന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതും, കണ്ണൂർ ജില്ലാ മോണിറ്ററിംഗ് സമിതി സർക്കാർ സാധൂകരണത്തിനായി ശുപാർശ ചെയ്തിട്ടുള്ളതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി ഓഡിറ്റ്

തടസ്സത്തിന് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട് .

3. 16.09.2021 ന ചേർന്ന നിയമസഭാ സമിതിയുടെ ഹിയറിംഗിൽ പരാമർശ ഖണ്ഡിക പരിഗണിക്കുകയും സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ശുപാർശ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതാണെന്നും വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ ഈ പ്രോജക്ട് സഹായകരമായി എന്നതിനാലും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുണ്ടായ ചെലവല്ലാതെ മറ്റ് അധികച്ചെലവുകളൊന്നും ഉണ്ടായിട്ടില്ലെന്ന് ഭരണസമിതിയ്ക്ക് ബോദ്ധ്യപ്പെട്ടതിനാലും നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെ സാധൂകരണ ശിപാർശ പ്രകാരം മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2001-2002 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 12 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശിപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2001-2002 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 12 പ്രകാരം തടസ്സപ്പെടുത്തിയ 16,500/-- രൂപയുടെ (പതിനാറായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ